പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3177

22.6.2012 ൽ മറുപടിയ്ക്ക്

## വികലാംഗരുടെ പേരിൽ നടത്തിവരുന്ന സ്ഥാപനങ്ങൾ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.കെ. ശിവദാസൻ നായർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) വികലാംഗരുടെ പേരിൽ നടത്തിവരുന്ന സ്ഥാപനങ്ങൾ നിയന്ത്രിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | എ) പ്രത്യേക സംവിധാനം നിലവിലില്ല. എങ്കിലും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഉയരുന്ന പരാതികൾ അന്വേഷിക്കുകയും, ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇത്തരം സംഘടനകൾക്ക് PWD ആക്റ്റ് അനുസരിച്ചുള്ള രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) ഇത്തരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) & (ഡി) നിലവിൽ PWD രജിസ്ട്രേഷൻ ആവശ്യമുള്ള സംഘടനകൾ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കിയ അപേക്ഷകൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്ക് നൽകുകയും, സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമാണോയെന്ന് പരിശോധിച്ച് നൽകുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ PWD രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. വികലാംഗ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, വികലാംഗ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ PWD ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ/ മാനദണ്ഡങ്ങളുടെ കരട് തയ്യാറാക്കി സാമൂഹ്യക്ഷേമ ഡയറക്ടർ |

| | |
|---|---|
| | സമർപ്പിക്കുകയുണ്ടായി. ആയത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ